# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ജി.എച്ച്.എസ്.എസ് തൊളിക്കോട്

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വർഷമായി 2025- 26 അധ്യയന വർഷത്തെ കാണുകയും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയുമാണ്.പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്നീ വിശാലമായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025- 26 അധ്യയനവർഷത്തിൽ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ അനുയോജ്യമായതുമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. ഓരോ പൊതുവിദ്യാലയവും ഭൗതിക സാമൂഹിക അക്കാദമിക മേഖലകളിൽ ഏറെ മുന്നോട്ടു പോകാൻ പര്യാപ്തമായ രീതിയിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ് .കുട്ടികളിൽ കാണുന്ന വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ് പ്രവർത്തനങ്ങൾ ശിശു സൗഹൃദം പരമായും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.കുട്ടികൾക്ക് സ്വാതന്ത്ര്യവും താൽപര്യ

ജനകവുമായ രീതിയിൽ പഠനം ഒരുക്കുന്ന പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതും നിലനിർത്തേണ്ടതും ഓരോരുത്തരുടെയും കടമയുമാണ്. കുട്ടികളെ മികച്ച പൗരന്മാരാക്കി വളർത്താൻ ഇത്തരം വിദ്യാലയങ്ങൾ നിലനിൽക്കേണ്ടത് അത്യാവശ്യമാണ്

കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് ,വായന മറ്റ് അക്കാദമി അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവുന്ന വിധത്തിലുള്ള ഇടപെടലുകളാണ് നടത്തേണ്ടത് .ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ഹയർസെക്കന്ററി സ്കൂൾ തൊളിക്കോട് |
| സ്കൂൾ കോഡ് | **42061** |
| വിദ്യാഭ്യാസ ഉപജില്ല | പാലോട് |
| വിദ്യാഭ്യാസ ജില്ല | ആറ്റിങ്ങൽ |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| ബി ആർ സി | പാലോട് |
| സി ആർ സി | കട്ടക്കാക്കുന്ന് |

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | തൊളിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | വെള്ളനാട് |
| ജില്ലാ പഞ്ചായത്ത് | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | അരുവിക്കര |
| ലോക സഭാ മണ്ഡലം | ആറ്റിങ്ങൽ |
| താലൂക്ക് | നെടുമങ്ങാട് |

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയവും പഠന പ്രവർത്തനങ്ങളുംഅങ്ങേയറ്റം അസ്വാദ്യകരമാക്കുക.
- വിദ്യാലയത്തിലെ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- പഠനയാത്രകൾ കാര്യക്ഷമമാക്കുക.
- കുട്ടികൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുക.
- കുട്ടികളിലെ സമ്പാദ്യശീലം വളർത്തുന്ന പദ്ധതികൾ മെച്ചപ്പെടുത്തുക.
- ലഹരി പ്ലാസ്റ്റിക് രഹിതവിദ്യാലയം സൃഷ്ടിക്കുക .
- ഗണിതശാസ്ത്ര വിഷയങ്ങൾ സമ്പൂർണ്ണശേഷി കൈവരിക്കൽ.
- ശാസ്ത്രാഭിമുഖ്യം വളർത്തൽ.
- വിവരവിനിമയ സാങ്കേതിക വിദ്യയിൽ മികവ് പുലർത്തൽ.

# മികവിന്റെ പാതയിലെ നാഴികക്കല്ലുകൾ

അക്കാദമികവും അക്കാദമികേതരവുമായ മേഖലകളിൽ ശ്രദ്ധേയമായ നാഴികല്ലുകൾ നിരവധിയാണ്. ഹയർസെക്കൻഡറി, എസ് എസ് എൽസി പരീക്ഷയിൽ ഉന്നത വിജയം നേടാൻ എല്ലാ വർഷവും നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്. 2024-25 അധ്യയനവർഷത്തിൽ 16 കുട്ടികൾക്ക് എസ്എസ്എൽസി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടാൻ കഴിഞ്ഞിട്ടുണ്ട്. NMMS പരീക്ഷയിലും വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. അറബിക് കലോത്സവം, ശാസ്ത്രമേള, ഐടി മേള എന്നിവയിൽ സ്കൂളിന്റെ നിലവാരം മുൻപോട്ട് എത്തിക്കാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ദേശീയതലം വരെ എത്തിച്ചേർന്ന മികച്ച താരങ്ങളെ വാർത്തെടുക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ഏറെ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിനും കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്കൂൾ ഒന്നാകെ എപ്പോഴും പ്രയത്നിച്ചു കൊണ്ടിരിക്കുന്നു. യോഗ, കരാട്ടെ പരിശീലനം എന്നിവ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് ഏറെ സഹായമാകുന്നുണ്ട്.

# കാഴ്ചപ്പാട്

- ✔ അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുട്ടികളെ ഉയർത്തുക.
- ✔ ജനാധിപത്യ ബോധമുള്ള തലമുറയെ സൃഷ്ടിക്കുക.
- ✔ സാമൂഹിക സാംസ്കാരിക മൂല്യമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
- ✔ സഹാനുഭൂതി കൈവിടാതെ അഭിമാനത്തോടും ആത്മധൈര്യത്തോടും പ്രതിസന്ധികളെ തരണം ചെയ്യാൻ പ്രാപ്തമായ ഒരു തലമുറയെ സൃഷ്ടിക്കുക.
- ✔ പാരിസ്ഥിതിക ബോധവും പ്രകൃതി സൗഹൃദ ജീവിതരീതി പിന്തുടരുന്നതുമായ വിദ്യാർഥി സമൂഹത്തെ രൂപപ്പെടുത്തുക.
- ✔ പഠനബോധന പ്രക്രിയയിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുക.

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| **അക്കാദമിക് മാസ്റ്റർ പ്ലാൻ ഗണിതം** | | | | |
| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| ഗണിത ലാബ് | പഠനോപകരണങ്ങൾ നിർമ്മിക്കൽ ശേഖരിക്കൽ | 4 മാസം | ഗണിതാധ്യാപകർ, കുട്ടികൾ | , |
| ചതുഷ് ക്രിയകൾ | അടിസ്ഥാന ഗണിതക്രിയകളിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ .യു.പി കുട്ടികൾക്ക് കളിരീതിയിലൂടെ പ്രവർത്തനം നൽകുന്നു. | ഒരു മാസം | ഗണിതാധ്യാപകർ | |
| നിർമ്മിതികളുടെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിലെ ഉപകരണങ്ങൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബഹുഭുജങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ഒരു മാസം | ഗണിത ലാബ് | |

| | | | | |
|---|---|---|---|---|
| ഗണിതശാസ്ത്ര മേളകൾ | പഠനോപകരണ നിർമാണ പ്രവർത്തനങ്ങൾ, ജ്യോമട്രിക്കൽ ചാർട്ട് നിർമാണം,പസിൽ നിർമാണം തുടങ്ങിയവ | 4 മാസം | ഗണിത ക്ലബ്ബ് | സ്കൂൾ വികസന സമിതി |
| ഗണിത ശാസ്ത്ര ദിനാചരണങ്ങൾ | ഡിസംബർ 22 ദേശീയ ഗണിത ശാസ്ത്ര ദിനം.ഭാരതീയ ഗണിത ശാസ്ത്രജ്ഞനായ ശ്രീനിവാസരാമാനുജന്റെ ജൻമ ദിനം .ഇതുമായി ബന്ധപ്പെട്ട് ഗണിതശാസ്ത്രജ്ഞരെ അറിയാൻ കുറിപ്പ് തയാറാക്കുന്ന പ്രവർത്തനം | 3 ആഴ്ച | ഗണിത ക്ലബ്ബ് | ഗണിത അധ്യാപകർ |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| **അക്കാദമിക് മാസ്റ്റർ പ്ലാൻ  ഇംഗ്ലീഷ്** | | | | |
| **മേഖല** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് കേട്ട് ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും അവസരം സൃഷ്ടിക്കുക | സമകാലിക പ്രാധാന്യമുള്ള സംഭവങ്ങളുമായി ബന്ധപ്പെട്ട ന്യൂസ് ക്ലിപ്പുകൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലളിതമായ വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കുകയും അവയെ ആസ്പദമാക്കിയുള്ള ആശയ അവതരണം ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | |
| വായനാ പരിശീലനം | പാഠഭാഗങ്ങൾ, പത്രവാർത്തകൾ, ചെറുകഥകൾ തുടങ്ങിയവയിൽ നിന്ന് ഓരോ കുട്ടിയുടെയും പഠന പുരോഗതിയുടെ അടിസ്ഥാനത്തിൽ വായിക്കാൻ നൽകുന്നു ഇത് ക്ലാസ് അടിസ്ഥാനത്തിൽ മത്സരമാക്കി ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് വായിക്കാൻ അവസരം ഒരുക്കുന്നു | അക്കാദമിക വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിഷ്ണറി തയ്യാറാക്കുന്നു. സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | സിനിമ ഡോക്യുമെന്ററി ,പ്രൊഫൈൽ സ്ക്രിപ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമകളുടെ തിരഞ്ഞെടുത്ത രംഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അധ്യാപകർ | |
| ആശയവിനിമയ പാടവം വർദ്ധിപ്പിക്കുക | ദൈനംദിന ജീവിത സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന ലളിതവും ചുരുങ്ങിയതുമായ വാക്യങ്ങളും വാക്യ ശകലങ്ങളും കുട്ടികൾ പരസ്പരം പറഞ്ഞ് പരിശീലിക്കുവാൻ അവസരം ഒരുക്കുന്നു | അക്കാദമിക വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| **അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്** | | | | |
| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രൂപങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കൽ | അക്ഷരങ്ങളുടെ രൂപ വ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടു വരും. അക്ഷര കാർഡുകൾ ഐസിടി ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ ഉപയോഗിക്കും. | 3 മാസം | അറബിക് ക്ലബ്ബ് | പി. റ്റി.എ |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദങ്ങൾ പരിചയപ്പെടൽ പാഠ പുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |

| | | | | |
|---|---|---|---|---|
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർട്ടുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| അറബി ഭാഷാ പഠനത്തിൽ ഐസിടി സാധ്യത ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നു | അറബി പാഠഭാഗങ്ങളോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഐസിടിയുടെ ഉപയോഗത്തിലൂടെ കുട്ടികളെ പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിൽ ഉറപ്പുവരുത്തുന്നു | വായനക്കുറിപ്പുകൾ വായന മത്സരം എന്നിവ ക്ലാസ്സിൽ സംഘടിപ്പിക്കുന്നു | ആറ് മാസം | അറബിക് അധ്യാപിക | |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം | | | | |
| **മേഖല** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **നിർവഹണ ചുമതല** | **സാമ്പത്തികം** |
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ ,അടയാളം ഉറപ്പിക്കൽ ,അക്ഷര കാർഡ് നൽകൽ ,വാക്കുകൾ എഴുതിയ കാർഡ് ,വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രം-അടിക്കുറിപ്പ്, ചിത്രം-കഥയെഴുതൽ ,ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | ജൂൺ- ആഗസ്ററ് | അധ്യാപകർ | പി.റ്റി.എ |
| **ഇ വായന** | **നെറ്റിൽ നിന്നും വിവരംശേഖരിക്കാനുള്ള നൈപുണി കൈവരിക്കൽ, കവിത കഥ എന്നിവ വായിക്കൽ** | **വർഷം മുഴുവനും** | **അധ്യാപകർ** | |

| | | | | |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ക്ലാസ് വയനാ കൂട്ടം രൂപീകരിക്കൽ , സ്കൂൾ ലൈബ്രറി നവീകരിക്കൽ, സമീപ ഗ്രന്ഥശാല അംഗത്വം ,വായനോത്സവം സംഘടിപ്പിക്കൽ ,പത്രവ ായന , പുസ്തക ചർച്ച , വായനാനുഭവം , പുസ്തകകുറിപ്പ് പതിപ്പ്, വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം, ദിനാചരണം ,സാഹിത്യ കാരന്മാരുമായുള്ള അഭിമുഖം , ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന ,ആസ്വാദ്യകര മായ വായന, ഇ – വായന | 6 മാസം | അധ്യാപകർ | പി.റ്റി.എ, എസ്.ആർ.ജി |

| | | | | |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തു കൂട്ടം രൂപീകരണം , പുസ്തക ചർച്ച , വായന കുറിപ്പ് പതിപ്പ് ,വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ , ചുമർപത്രിക,പതിപ്പ് തയ്യാറാക്കൽ , സർഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ ,വ്യക്തിഗത രചന, സംഘ രചന ,ഭാഷാ പ്രോജക്ട് ,സാഹിത്യകാരന്മാരും ആയുള്ള അഭിമുഖം, സംവാദം , സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | ജൂൺ മുതൽ മാർച്ച് വരെ | | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി, വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക , മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുക, പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | ജൂണ് മുതൽ മാർച്ച് വരെ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സാഹിത്യ കൃതികളോടും സാഹിത്യകാരൻമാരോടും അനുകൂല മനോഭാവം വളർത്തൽ | സാഹിത്യ കൃതികളുമായി ബന്ധപ്പെട്ട ചർച്ചകൾ,കഥകളുടെ രംഗാവിഷ്കാരം | എല്ലാമാസവും | അധ്യാപകർ | |
| ഭാഷാ വികാസം | **വ്യത്യസ്ത ഭാഷയിലുള്ള അസംബ്ലി** | **വർഷം മുഴവനും** | ഭാഷാ അധ്യാപകർ | |
| സർഗശേഷി വളർത്തൽ | വായനാക്കുറിപ്പ് തയാറാക്കൽ,ആസ്വാദന കുറിപ്പ് തയാറാക്കൽ,കൈയെഴുത്ത് മാസിക നിർമാണം,തിരക്കഥ നിർമാണം,ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | **വർഷം മുഴവനും** | വിദ്യാരംഗം കലാസാഹിത്യ വേദി | |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| **അക്കാദമിക് മാസ്റ്റർ പ്ലാൻ സോഷ്യൽ സയൻസ്** | | | | |
| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്രപ്രധാനമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷം മുഴുവനായി | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികളും അധ്യാപകരും |
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സാമൂഹ്യ ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ ,വാക്കുകൾ വാചകങ്ങൾ ചിത്രരചന മുതലായവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ. | അക്കാദമിക് വർഷം മുഴുവനായി | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കൽ | സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | സ്കൂൾ തെരഞ്ഞെടുപ്പു മായി ബന്ധപ്പെട്ട സമയങ്ങളിൽ | സ്കൂൾ കുട്ടികളും അധ്യാപകരു ം | |
| വിവിധശേഷികളുടെ വികസനം (ദിനാചരണങ്ങൾ) | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ– ഫെബ്രുവരി | സ്കൂൾ കുട്ടികളും അധ്യാപകരു ം | എസ്.ആർ.ജി |
| ഭൂപട വായന കുട്ടികളിൽ വളർത്തുക | മാപ്പ്,ഗ്ലോബ്, മാർബിൾ സോഫ്റ്റ്‌വെയർ എന്നിവയുടെ സഹായത്താൽ ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ പഠിക്കൽ | ആഗസ്റ്റ്, സെപ്റ്റംബർ | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |
| പൊതുവിജ്ഞാനം വളർത്തൽ | ക്വിസുകൾ, ദിനാചരണ പ്രവർത്തനങ്ങൾ, വീഡിയോ പ്രദർശനം എന്നിവയുടെ സഹായത്താൽ | അക്കാദമിക് വർഷം മുഴുവനും | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭിന്നശേഷി കുട്ടികളെ പരിഗണിക്കൽ | ഭിന്നശേഷി കുട്ടികളെ പരിഗണിക്കും വിധം പഠനപ്രവർത്തനങ്ങൾ ആസൂത്രണം .വീട് സന്ദർശനം പഠന സാമഗ്രികൾ കൈമാറൽ | ഡിസംബർ മാസം | അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| അക്കാദമിക് മാസ്റ്റർ പ്ലാൻ സയൻസ് | | | | |
| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| ജൈവവൈവിധ്യം | തൊളിക്കോട് പഞ്ചായത്തിലെ ഔഷധസസ്യങ്ങളുടെ വിവരശേഖരണം– ഹെർബേറിയം , ആൽബം തയ്യാറാക്കൽ | 4 മാസം | സയൻസ് ക്ലബ്ബ് | പി.റ്റി.എ |
| ശാസ്ത്ര പരീക്ഷണങ്ങൾ | സ്കൂളിൽ വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ,വിവിധ ശാസ്ത്ര പരീക്ഷണങ്ങളുടെ വീഡിയോ തയാറാക്കൽ | ഒരു വർഷം | സയൻസ് ക്ലബ്ബ് ,ലിറ്റിൽ കൈറ്റ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ഉദ്യാന നിർമാണം | ജന്മദിനാഘോഷത്തോട നുബന്ധിച്ച് കുട്ടികൾ വിദ്യാലയത്തിന് പൂച്ചെടി സമ്മാനിക്കുന്നു. | ഒരു വർഷം | സയൻസ് ക്ലബ്ബ് , ഇക്കോ ക്ലബ്ബ് | |
| മാലിന്യ സംസ്ക്കരണം | പ്ലാസ്റ്റിക് മാലിന്യ ശേഖരണം, ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കൽ | ഒരു വർഷം | എസ്.പി.സി | |
| പരിസ്ഥിതി ദിനം | പരിസ്ഥിതി ദിന പോസ്റ്റർ രചനാ മൽസരം,വൃക്ഷത്തൈ നടീൽ, കുട്ടികൾ വീട്ടുകളിൽ വൃക്ഷത്തൈ നടീൽ,പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ | ഒരു വർഷം | ഇക്കോ ക്ലബ്ബ്, | ആധ്യാപകർ |

| | | | | |
|---|---|---|---|---|
| ശാസ്ത്രാഭിമുഖ്യം വളർത്തൽ | ശാസ്ത്രമേള മുന്നൊരുക്കങ്ങൾ, ഇൻസ്പെയർ അവാർഡ് കുട്ടികളെ തെരഞ്ഞെടുക്കൽ, സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ശാസ്ത്രജ്ഞന്മാരുടെ ചിത്രവും അവരുടെ സംഭാവനകളും ചെയ്തുവയ്ക്കൽ, ജീവചരിത്രം വായനയ്ക്ക് നൽകൽ, മായം ചേർക്കൽ കണ്ടെത്തുന്നതിനുള്ള പരീക്ഷണങ്ങൾ ചെയ്യൽ, എനർജി ക്ലബ് രൂപീകരിക്കൽ | ജൂൺ മുതൽ | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| **മഴക്കാലരോഗങ്ങൾ ,മഴക്കാല ശുചീകരണം** | **സ്കൂൾ പരിസരത്ത് വെള്ളം കെട്ടി നിൽക്കാനുള്ള സാധ്യത ഇല്ലാതാക്കുന്നു, മാലിന്യ സംസ്ക്കരണം , മഴക്കാല രോഗങ്ങൾക്കെതിരെയു ള്ള ബോധവൽക്കരണം** | **ജൂൺ , ജൂലൈ മാസം** | **സയൻസ് ക്ലബ്ബ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്** | **പി.റ്റി.എ** |
| കൃഷിയോട് താൽപര്യം ജനിപ്പിക്കൽ | സ്കൂളിൽ പച്ചക്കറിത്തോട്ട നിർമാണം,കർഷകരുമ ായി അഭിമുഖം, | **ഒരു വർഷം** | സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര മാഗസിൻ നിർമ്മാണം | ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായും വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും വേണ്ടി ശാസ്ത്ര മാഗസിനുകൾ തയ്യാറാക്കാൻ | സെപ്റ്റംബർ, ഒക്ടോബർ മാസം | സയൻസ് ക്ലബ്ബ് | |
| അന്വേഷണാത്മക മനോഭാവം സൃഷ്ടിക്കൽ | ശാസ്ത്ര ഗവേഷണ പ്രോജക്ട്കൾ തയ്യാറാക്കൽ കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട പ്രോജക്ട്കളും ബാലശാസ്ത്ര കോൺഗ്രസ് പോലുള്ള മത്സരങ്ങൾക്ക് പങ്കെടുക്കാനുള്ള പ്രോജക്ട്കളും തയ്യാറാക്കൽ ഇൻസ്പെയർ അവാർഡിന് വേണ്ടിയുള്ള പ്രോജക്ട്കൾ തയ്യാറാക്കൽ | സെപ്റ്റംബർ, ഒക്ടോബർ മാസം | കുട്ടികൾ | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര നാടകം | ശാസ്ത്ര സന്ദർഭങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശാസ്ത്ര നാടകങ്ങൾ തയാറാക്കലും ശാസ്ത്രമേളകളിലും മറ്റും പങ്കെടുക്കലും | ഒക്ടോബർ മാസം | സയൻസ് ക്ലബ്ബ് | പി റ്റി എ |
| LED ബൾബ് നിർമാ | എൽഇഡി ബൾബിന്റെ വിവിധ ഭാഗങ്ങൾ പരിചയപ്പെടുക, അവ തമ്മിൽ ബന്ധിപ്പിച്ച് പുതിയ എൽഇഡി ബൾബുകൾ നിർമ്മിക്കുക | നവംബർ മാസം | സയൻസ് ക്ലബ്ബ് | പി റ്റി എ |
| വൈദ്യുത മീറ്റർ റീഡിംഗ് പരിശീലനം | ഓരോ ദിവസത്തെയും ഊർജ്ജ ഉപയോഗം മനസ്സിലാക്കിക്കൊണ്ട് ഊർജ്ജോപയോഗം നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനം | സെപ്റ്റംബർ മാസം | സയൻസ് ക്ലബ്ബ് | |
| മഴ മാപിനി നിർമാണം | മഴ മാപിനി നിർമ്മിച്ചുകൊണ്ട് തുറസായ സ്ഥലത്ത് മഴയുടെ അളവ് മില്ലിമീറ്ററിൽ കണക്കാക്കുന്നതിനുള്ള പ്രവർത്തനം | ഡിസംബർ മാസം | സയൻസ് ക്ലബ്ബ് | |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| അക്കാദമിക് മാസ്റ്റർ പ്ലാൻ   മറ്റു പ്രവർത്തനങ്ങൾ | | | | |
| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| സംഗീതം | താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി മ്യൂസിക് ക്ലബ് | ജൂൺ മുതൽ മാർച്ച് വരെ | സംഗീത അധ്യാപകൻ | |
| സംഗീത ഉപകരണങ്ങളോട് താല്പര്യം ജനിപ്പിക്കുക | വിവിധ സംഗീത ഉപകരണങ്ങൾ കേൾക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു | ആഗസ്റ്റ് മാസം | സംഗീത അധ്യാപകൻ | |
| കലാ വിദ്യാഭ്യാസം | കുട്ടികളെ കലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പ്രാപ്തരാക്കുന്നു | വർഷം മുഴുവനും | സംഗീത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുക | യോഗ പരിശീലനം , കരാട്ടെ പരിശീലനം , കളിസ്ഥലം ഒരുക്കൽ , വിവിധ കളികൾക്കുള്ള കോർട്ടുകൾ തയാറാക്കൽ , ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ടീമുകൾ രൂപീകരിക്കൽ ( കബഡി , ബാഡ്മിന്റണ് , തായ്ക്കോണ്ട) | ജൂൺ മുതൽ മാർച്ച് വരെ | കായികാധ്യാപകൻ | പൂർവവിദ്യാർത്ഥികൾ |
| ജീവിതനൈപുണി വികാസം | ഫുഡ്ഫെസ്റ്റിവൽ നടത്തുന്നു , പേപ്പർ ബാഗ് നിർമാണം , പാനീയങ്ങളുടെ പ്രദർശനവും വിൽപനയും, തുണിസഞ്ചി നിർമ്മാണം, അച്ചാർ നിർമ്മാണം | ഒക്ടോബർ മാസം | എസ്.പി.സി , ഗാന്ധിദർശൻ ക്ലബ്ബ് | പി,റിറി.എ |

| | | | | |
|---|---|---|---|---|
| അച്ചടക്കം,സ്വഭാവരൂര ീകരണം | പെരുമാറ്റ മികവിന് അസംബ്ലിയിൽ അഭിനന്ദനം , അച്ചടക്ക നിയമാവലി ഓരോ ക്ലാസ് റൂമിലും പ്രദർശിപ്പിക്കുന്നു , അച്ചടക്ക സമിതി രൂപീകരണം , പെരുമാറ്റ വൈകല്യം കണ്ടെത്തുന്ന കുട്ടിൾക്ക് കൗൺസിലിങ് നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എസ്.പി.സി , കൗൺസിലർ | പി.റ്റി.എ |
| ദേശസ്നേഹം വളർത്തുക | ദേശസ്നേഹം വളർത്താനുതകുന്ന പുസ്തകങ്ങൾ വായിപ്പിക്കുന്നു , സ്വാതന്ത്ര്യ ദിനം ,റിപ്പബ്ലിക് ദിനം എന്നിവ വിപുലമായി ആചരിക്കുന്നു , ഫിലിം ക്ലബ്ബ് വഴി ഗാന്ധി ചിത്രം പ്രദർശിപ്പിക്കുന്നു | സോഷ്യൽ സയൻസ് ക്ലബ്ബ്, ഫിലിംക്ലബ്ബ് | ഒരു അധ്യയന വർഷം | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| ലിംഗനീതിബോധം വളർത്തുക | സ്ത്രീ പുരുഷ സമത്വം പാലിക്കുന്നതിന് സ്കൂൾ പാലമെന്റ് വേദിയാക്കുന്നു, ക്ലാസുകളിൽ ആൺ പെൺവ്യത്യാസമില്ലാതെ ക്ലാസ് വൃത്തിയാക്കൽ , പൂന്തോട്ട പരിപാലനം എന്നീ പ്രവർത്തനങ്ങൾ തുല്യമായി വീതിച്ചുനൽകുന്നു. | അധ്യയനവർഷം മുഴുവനും | ക്ലാസ് ടീച്ചേഴ്സ് | |
| ഭിന്നശേഷിക്കാരെ പൊതുധാരയിലെത്തിക്കുക. | പച്ചക്കറിത്തോട്ട നിർമാണം, പാഠഭാഗ അനുരൂപീകരണം, ബിഹേവിയർ തെറാപ്പി,കായികപരിശീലനങ്ങൾ,വിവരസാങ്കേതികവിദ്യയിൽ പരിശീലനം, എല്ലാ അക്കാദമിക് പ്രവർത്തനങ്ങളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക | ജൂൺ മുതൽ മാർച്ച് വരെ | റിസോഴ്സ് ടീച്ചർ, ലിറ്റിൽ ക്ലബ്ബ് അംഗങ്ങൾ | |

| | | | | |
|---|---|---|---|---|
| ആരോഗ്യ മാനസികാരോഗ്യ പരിപാലനം | വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ച് ബോധവൽക്കരണം നൽകുന്നു , കൗൺസിലിംഗ് , ലഹരിവിരുദ്ധ ക്യാമ്പസ്, ബോധവൽക്കരണ ക്ലാസുകൾ | ജൂൺ മുതൽ മാർച്ച് വരെ | ഹെൽത്ത് ക്ലബ്ബ് | പി.റ്റി.എ |
| ടീൻസ് ക്ലബ്ബ് | ക്രിയാത്മക കൗമാരം കരുത്തും കരുതലും എന്ന വിഷയത്തിൽ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമുള്ള ബോധവൽ.ക്കരണ ക്ലാസ് | ജൂലൈ മാസം | ടീൻസ് ക്ലബ്ബ് | പി.റ്റി.എ |

| | | | | |
|---|---|---|---|---|
| ലഹരി നിർമാർജനം | ക്ലാസ് മുറികളിൽ ലഹരിവിരുദ്ധാ സന്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കൽ ലഹരി വിരുദ്ധാ പ്രതിജ്ഞ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ലഹരിയുടെ ദോഷങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ വിതരണം ചെയ്യൽ | അക്കാദമിക് വർഷം മുഴവനും | ലഹരി വിരുദ്ധാ ക്ലബ്ബ് | അധ്യാപകർ |
| പോക്സോ | സ്കൂളിലെ മുഴവൻ കുട്ടികൾക്കുമുള്ള ക്ലാസ് | ആഗസ്റ്റ് മാസം | ഹെൽത്ത് ക്ലബ്ബ് | |
| പരിസ്ഥിതി സൗഹൃദം മനോഭാവം | പ്രകൃതി നടത്തം ,ഒരു തൈ നടാം ,പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്, ഔഷധസസ്യത്തോട്ടം നിർമ്മിക്കൽ, തുളസീ വനം നിർമ്മിക്കൽ, ചെമ്പരത്തി തോട്ടം നിർമ്മിക്കൽ, | അക്കാദമിക് വർഷം മുഴവനും | ഇക്കോ ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ശ്രദ്ധ | 5, 8 ക്ലാസുകളിൽ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ വിവിധ വിഷയങ്ങളിൽ പ്രകാരമുള്ള ക്ലാസുകളിൽ നൽകി മുഖ്യധാരയിൽ എത്തിക്കുക | അക്കാദമിക് വർഷം മുഴുവനും | ശരദ്ധ കൺവീനർ | പി റ്റി.എ |
| ബോധവൽക്കരണ ക്ലാസ് | ജെ ആർ സിയുടെ ആഭിമുഖ്യത്തിൽ കൗമാരം ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ് | ജൂലൈ മാസം | ജെ ആർ സി | പി റ്റി.എ |
| ട്രാഫിക് ബോധവൽകക്കരണം | പൊതുജനങ്ങൾക്ക് ട്രാഫിക് ബോധവൽകക്കരണം , ലഘുലേഖ വിതരണം | ജൂൺ, ജൂലൈ | എസ്. പി.സി | |
| പ്രവർത്തിപരിചയം | വയോഗയോഗ്യമായ വസ്തുക്കൾ നിർമ്മിക്കാനുള്ള ക്ലാസുകൾ നൽകുന്നു ലോഷൻ നിർമാണം,സോപ്പ് നിർമാണം | അക്കാദമിക് വർഷം മുഴുവനും | അധ്യാപകർ | പി റ്റി.എ |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| അക്കാദമിക് മാസ്റ്റർ പ്ലാൻ ഐ.റ്റി | | | | |
| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| സൈബർ സുരക്ഷാ ബോധവൽക്കരണം | കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ്, മറ്റ് സ്കൂളുകളിലെ കുട്ടികൾക്കുള്ള ക്ലാസ് | ജൂൺ മാസം | ലിറ്റിൽ കൈറ്റ് ക്ലബ്ബ് | |
| വിവരസാങ്കേതിക വിദ്യയിൽ. മികവ് | സ്കൂൾവിക്കി അപ്ഡേറ്റ് ചെയ്യൽ , അനിമേഷൻ നിർമാണം , ഡിജിറ്റൽ പോസ്റ്റർ നിർമാണം , ഡിജിറ്റൽ മാഗസിൻ നിർമാണം , കുട്ടികൾക്കും രക്ഷകർത്താക്കൾക്കും സൈബർ കുറ്റ കൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്, സ്ക്രാച്ച് പ്രോഗ്രാം പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | ലിറ്റിൽ കൈറ്റ് ക്ലബ്ബ് | അധ്യാപകർ |
| ഐടി പരിശീലനം | ഭിന്നശേഷി വിദ്യാർഥികൾക്കായുള്ള ഐടി പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | ലിറ്റിൽ കൈറ്റ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ഡിജിറ്റൽ പരിശീലനം | അമ്മമാർക്ക് എല്ലാം ഡിജിറ്റൽ പരിശീലനം ദൈനംദിന ജീവിതത്തിലെ ഡിജിറ്റൽ സാധ്യതകളെക്കുറിച്ച് അമ്മമാർക്കായി ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ ഒരു ഡിജിറ്റൽ പരിശീലന ക്ലാസ് | ആഗസ്റ്റ് മാസം | ലിറ്റിൽ കൈറ്റ് ക്ലബ്ബ് | |
| ഡോക്യുമെന്റേഷൻ | വിവിധ ദിനാചരണ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ | ജൂൺ മുതൽ മാർച്ച് വരെ | ലിറ്റിൽ കൈറ്റ് ക്ലബ്ബ് | |
| ഗെയിം കോർണർ സംഘടിപ്പിക്കൽ | സ്ക്രാച്ച് സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗെയിമുകൾ തയാറാക്കുകയും കുട്ടികൾക്ക് കളിക്കാനുള്ള അവസരം കൊടുക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ മാസം | ലിറ്റിൽ കൈറ്റ് ക്ലബ്ബ് | |

| ജി.എച്ച്.എസ്.എസ് തൊളിക്കോട് | | | | |
|---|---|---|---|---|
| അക്കാദമിക് മാസ്റ്റർ പ്ലാൻ   ഹിന്ദി | | | | |
| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
| ഹിന്ദി അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ , അക്ഷരങ്ങളും വാക്കുകളും എഴുതിയ കാർഡ് നൽകൽ , അക്ഷരങ്ങൾ ചേർത്ത് വായിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ | പി റ്റി എ |
| ഹിന്ദി എഴുതാൻ പരിശീലിപ്പിക്കൽ | വാക്കുകളും പദസൂര്യനും പൂർത്തിയാക്കുന്നു | സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ആശയാവതരണം | കാർട്ടൂൺ പുസ്തകങ്ങൾ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കൽ | സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |
| പോസ്റ്റർ തയ്യാറാക്കൽ | വിവിധ ആശയങ്ങൾ നൽകി പോസ്റ്റർ തയ്യാറാക്കിപ്പിക്കുന്നു | ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| രാഷ്ട്രഭാഷയോട് താൽപര്യം ജനിപ്പിക്കൽ | ക്ലബ്ബിന്റെ സഹായത്തോടെ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, കൈയെഴുത്ത് മാസിക പ്രകാശനം ചെയ്യൽ, സ്വാതന്ത്ര്യസമര സേനാനികളെ കുറിച്ചുള്ള വിവരം ഹിന്ദി ഭാഷയിൽ ശേഖരിക്കൽ | ഒക്ടോബർ | ഹിന്ദി ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ഹിന്ദിയിൽ ഉൾ ചേർന്ന വിദ്യാഭ്യാസ സാധ്യതകൾ | ഐസിടി സാധ്യതയുള്ള പ്രവർത്തനങ്ങൾ നൽകി ഹിന്ദിയുടെ അന്തരീക്ഷം ഉണ്ടാക്കിയെടുക്കൽ | നവംബർ | ഹിന്ദി ക്ലബ്ബ് | |
| ഹിന്ദിയിൽ സർഗ്ഗശേഷി വികസിപ്പിക്കാനുള്ള അവസരം നൽകൽ | അസംബ്ലി, ഹിന്ദി ക്ലബ് പ്രവർത്തനം. ഹിന്ദി കഥാ പൂർത്തീകരണം | വർഷം മുഴുവനും | ഹിന്ദി ക്ലബ്ബ് | |
| വ്യക്തിഗത വിവരങ്ങൾ എഴുതൽ | ഓരോ വിദ്യാർത്ഥിയും അവരുടെ പ്രൊഫൈൽ ഹിന്ദിയിൽ എഴുതാൻ ശീലിക്കുന്നു | നവംബർ | ഹിന്ദി അധ്യാപകർ | |